"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് (ക്രൂസ്) സാനിറ്റൈസർ നിർമ്മിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

**സ.ഉ.(സാധാ) നം.1211/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/06/2020

---

പരാമർശം:- 1 ക്രൂസ് ചെയർമാന്റെ 23.04.2020-ലെ ജി.എൽ.എം./ഡി/92/20 നമ്പർ കത്ത്.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020-ൽ നടന്ന യോഗത്തിന്റെ ഇനം നമ്പർ 4.29-ലെ തീരുമാനം.

**ഉത്തരവ്**

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫെയർ സൊസൈറ്റി (ക്രൂസ്)യുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ജോലി ചെയ്യുന്ന കുടുംബശ്രീ പ്രവർത്തകർ മുഖേന ലോകാരോഗ്യ സംഘടന നിശ്ചയിച്ച ഫോർമുലയിലും ഗുണമേന്മയിലും സാനിറ്റൈസർ നിർമ്മിച്ച് ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യുന്നതിനുള്ള ഒരു പ്രോജക്ട് തയ്യാറാക്കി പരാമർശം (1) പ്രകാരം ക്രൂസ് ചെയർമാൻ സർക്കാർ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

2) പ്രസ്തുത പ്രോജക്ട് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.05.2020-ൽ ചേർന്ന യോഗം പരിഗണിക്കുകയും പരാമർശം(2) പ്രകാരം, എക്സൈസ് അടക്കമുള്ള വകുപ്പുകളുടെ അനുമതി ആവശ്യമുണ്ടെങ്കിൽ വാങ്ങേണ്ടതാണെന്ന നിബന്ധനയോടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫെയർ സൊസൈറ്റിയുടെ, ലോകാരോഗ്യ സംഘടന നിശ്ചയിച്ച ഫോർമുലയിലും ഗുണമേന്മയിലും സാനിറ്റൈസർ നിർമ്മിച്ച് ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യുന്നതിന് വേണ്ടി തയ്യാറാക്കിയ മേല്പറഞ്ഞ പ്രോജക്ട് നടപ്പാക്കുന്നതിന് പരാമർശം (2)-ന്റെ അടിസ്ഥാനത്തിൽ, എക്സൈസ് അടക്കമുള്ള വകുപ്പുകളുടെ അനുമതി ആവശ്യമുണ്ടെങ്കിൽ വാങ്ങേണ്ടതാണെന്ന നിബന്ധനയ്ക്ക് വിധേയമായി അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനി മോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

സെക്രട്ടറി, കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) ,കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ. / ഇ.& ആർ.എസ്.എ.),കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂമീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signature valid
Digitally signed by MANJULA G
Date: 2020.06.22 12:31:30 IST
Reason: Approved

സെക്ഷൻ ഓഫീസർ